**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 29** | **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര ചികിത്സക്ക് പണം ഈടാക്കുന്നത് നിർത്തലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡാനന്തര ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ പണം ഈടാക്കാൻ ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കി വരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെ തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകി വരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇത് കൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ |

| | | | |
|---|---|---|---|
| | | | സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എപിഎൽ വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/കോവിഡ് അസോസിയേറ്റഡ് പൾമണറി ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16/08/2021 ലെ സ.ഉ (സാധാ) നം. 1750/2021/H&FWD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചിലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എപിഎൽ വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകി വരുന്നു. |
| (ബി) | കോവിഡാനന്തര ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ പണം ഈടാക്കുന്നത് സാധാരണ ജനങ്ങളെ കടുത്ത ദുരിതത്തിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കി വരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെ തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകി വരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇത് കൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എപിഎൽ വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/കോവിഡ് അസോസിയേറ്റഡ് പൾമണറി ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16/08/2021 ലെ സ.ഉ (സാധാ) നം. 1750/2021/H&FWD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചിലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എപിഎൽ വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകി വരുന്നു. |
| (സി) | ജീവിതശൈലി രോഗങ്ങൾ കൂടുതലുള്ള കേരളത്തിൽ പ്രസ്തുത നടപടി ജനങ്ങൾക്ക് കടുത്ത പ്രയാസം | (സി) | കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, |

| | |
|---|---|
| സൃഷ്ടിച്ചതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഈ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ? | വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കി വരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെ തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകി വരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇത് കൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എപിഎൽ വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/കോവിഡ് അസോസിയേറ്റഡ് പൾമണറി ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16/08/2021 ലെ സ.ഉ (സാധാ) നം. 1750/2021/H&FWD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചിലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എപിഎൽ വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ